പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 89 05.03.2012 - ൽ മറുപടിയ്ക്ക്

## പോക്കറ്റടി ആരോപിച്ചുള്ള മർദ്ദനത്തെത്തുടർന്ന് യുവാവ് മരണപ്പെട്ട സംഭവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പോക്കറ്റടി ആരോപിച്ചുള്ള മർദ്ദനത്തെത്തുടർന്ന് യുവാവ് മരണപ്പെട്ട സംഭവം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സംഭവം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ആരുടെയെല്ലാം പേരിൽ ഏതെല്ലാം വകുപ്പുകൾ അനുസരിച്ച് കേസ് എടുത്തിട്ടുണ്ട്; | (ബി) | മരണപ്പെട്ട രഘുവും പ്രതികളായ സന്തോഷ്, സതീഷ്, മറ്റൊരു യാത്രക്കാരൻ എന്നിവരും തൃശ്ശൂരിൽ നിന്നും ചടയമംഗലത്തിന് പുറപ്പെട്ട കെ.എസ്.ആർ.ടി.സി സൂപ്പർ ഫാസ്റ്റ് ബസ്സിലെ യാത്രക്കാരായിരുന്നു. യാത്ര ചെയ്തു വരവെ ഒന്നാം പ്രതി സന്തോഷിന്റെ കൈവശമുണ്ടായിരുന്ന മൊബൈൽ ഫോൺ പോക്കറ്റിൽ നിന്നും മരണപ്പെട്ട രഘു എടുത്തു എന്ന വിരോധത്താൽ രഘുവിനെ ഒന്നാം പ്രതി ബസ്സിനകത്ത് വച്ച് മർദ്ദിക്കുകയും തുടർന്ന് പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി ബസ്സ് സ്റ്റാന്റിൽ പ്രതികളും രഘുവും ഇറങ്ങുകയും പ്രതികൾ വീണ്ടും രഘുവിനെ |

മർദ്ദിക്കുകയും സംഭവം കണ്ട് ഓടിക്കൂടിയ യാത്രക്കാരും നാട്ടുകാരും വിവരം പോലിസിനെ അറിയിക്കുകയും സ്ഥലത്ത് ചെന്ന പെരുമ്പാവൂർ എസ്.ഐ യും പാർട്ടിയും മർദ്ദനമേറ്റ രഘുവിനെ പെരുമ്പാവൂർ താലൂക്ക് ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തിക്കുകയും, ഡോക്ടർ പരിശോധി ച്ചതിൽ മരണം സംഭവിച്ചതായി സ്ഥിരീകരിക്കുകയുമുണ്ടായി.

ഒന്നും രണ്ടും പ്രതികൾ സന്തോഷ്, സതീഷ് എന്നിവരാണ്. ഇത് സംബന്ധിച്ച് പെരുമ്പാവൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1652/11 U/s 302, 34 IPC ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| (സി) | കേസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; സംഭവത്തിന് ഉത്തര വാദികളായ ആരെല്ലാമാണ് ഇപ്പോഴും സർക്കാർ സർവ്വീസിൽ തുടരുന്ന തെന്ന് വിശദമാക്കാമോ? | (സി) കേസ്സ് അന്വേഷണാവസ്ഥയിലാണ്. കേസ്സിൽ ഉൾപ്പെട്ട പോലിസ് ഉദ്യോഗ-സ്ഥനായ രണ്ടാം പ്രതി സതീഷ് ഇപ്പോൾ സസ്പെൻഷനിലാണ്. |

സെക്ഷൻ ഓഫീസർ